GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.ഗോപി.പി മുതൽ 15 പേരും ശ്രീ.കിരൻ.പി.ആർ മുതൽ മുതൽ 8 പേരും ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻസ് നം.15609/12, 25253/12 മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1167/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 27/04/2013

പരാമർശം :

1. 30/11/2011 ലെ തൃപ്പൂണ്ണിത്തുറ നഗരസഭാ സെക്രട്ടറിയുടെ പി.എച്ച് 8982/11 നം കത്ത്
2. റിട്ട് പെറ്റീഷൻസ് നം. 15609/12, 25253/12 മേലുള്ള ബഹു.ഹൈക്കോടതിയുടെ 6/11/2012 ലെ വിധിന്യായം
3. 7/2/2013 ലെ നഗരകാര്യ ഡയറക്ടറുടെ ഇ 2 12628/12 നമ്പർ കത്ത്

## ഉത്തരവ്

തൃപ്പൂണ്ണിത്തുറ മുൻസിപ്പാലിറ്റിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്ന സാനിട്ടേഷൻ വർക്കർമാരായ ശ്രീ.ഗോപി.പി മുതൽ 15 പേരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 7/10/2011 ലെ 2 ാം നമ്പർ തീരുമാനപ്രകാരം തൃപ്പൂണ്ണിത്തുറ മുൻസിപ്പൽ കൌൺസിൽ താഴെ പറയുന്ന തീരുമാനമെടുത്തിരുന്നു.

" 2000 ത്തിന് ശേഷം താൽക്കാലികമായി വർഷങ്ങളായി ജോലി ചെയ്തു വരുന്നവർ പ്രായാധിക്യം മൂലം മറ്റൊരു ജോലിക്കും പോകാൻ സാധ്യതയില്ലാത്തത് പരിഗണിച്ച് ഈ ജീവനക്കാരെ പകരം തൊഴിലാളികളാക്കി നിയമനം നടത്താൻ അനുമതി ഉത്തരവുണ്ടാകണമെന്ന് സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു "

പ്രസ്തുത കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനായി 30/11/2011 ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നഗരസഭയുടെ മേൽ പരാമർശിത തീരുമാനത്തിന്മേൽ സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മേൽപറഞ്ഞ പരാതിക്കാർ ഹൈക്കോടതിയിൽ 15609/12 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണ്.

മേൽപറഞ്ഞ ആവശ്യം ഉന്നയിച്ച് കിരൻ.പി.ആർ മുതൽ 8 പേർ WP(C) 25253/2012 നമ്പർ റിട്ട് പെറ്റിഷനും ഫയൽ ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ട് റിട്ട് പെറ്റിഷനിലെയും പൊതു ഉത്തരവ് ഹൈക്കോടതി 6/11/2012 ൽ പുറപ്പെടുവിച്ചു. ആയത് പ്രകാരം കോടതിവിധി കൈപ്പറ്റി മൂന്ന് മാസത്തിനകം മുൻസിപ്പാലിറ്റിയുടെ ശുപാർശയിന്മേൽ നിയമപ്രകാരമുള്ള യുക്തമായ തീരുമാനം പുറപ്പെടുവിക്കാനും അതുവരെ തൽസ്ഥിതി തുടരുവാനും സർക്കാറിന് കോടതി നിർദ്ദേശം നൽകി.

പരാമർശം 3 ലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശിക എംപ്ലോയ്മെന്റ് വഴി നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് മാത്രമെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലേക്ക് സ്ഥിരനിയമനം നൽകാനാവൂ എന്നതാണ് നിലവിലെ നിയമം ആയത് അനുസരിച്ച് മേൽപ്പറഞ്ഞ റിട്ട് പെറ്റീഷനുകളിലെ അപേക്ഷ പരിഗണിക്കുക സാധ്യമല്ല. കൂടാതെ താൽക്കാലികമായി വർഷങ്ങളായി ജോലി ചെയ്തുവരുന്ന ഒട്ടേറെപേർ മറ്റു നഗരസഭകളിലും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഈ കേസിൽ മാത്രം നിലവിലുള്ള ഉത്തരവിന് വിരുദ്ധമായി താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. ആയതിനാൽ പരാമർശം 1 ലെ തൃപ്പൂണ്ണിത്തുറ മുൻസിപ്പാലിറ്റിയുടെ നിർദ്ദേശം നിരാകരിച്ച് കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ കോടതി ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കറ്റ് ജനറൽ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃപ്പൂണ്ണിത്തുറ മുൻസിപ്പാലിറ്റി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**